(സി) പ്ലാന്റേഷൻ മേഖലയിലെ വേതന പരിഷ്കരണം ചർച്ച ചെയ്യുന്നതിനായി 2014-15 കാലഘട്ടത്തിൽ ആറുതവണ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. പ്രസ്തുത യോഗങ്ങളിൽ വേതന പരിഷ്കരണവുമായി ബന്ധപ്പെട്ട് വിശദമായ ചർച്ച ചെയ്തിരുന്നുവെങ്കിലും തൊഴിലാളി- തൊഴിലുടമ പ്രതിനിധികളുടെ അഭിപ്രായ സമന്വയം സാധ്യമായിട്ടില്ല. ഒന്നോ രണ്ടോ യോഗങ്ങൾ കൂടി ചേർന്ന് വിഷയം ചർച്ചചെയ്ത് ഒത്തുതീർപ്പിലെത്തി കരാർ ഒപ്പിടാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

(ഡി) പുതിയ കരാർ ഒപ്പിടുമ്പോൾ പ്രാബല്യ തീയതി സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

നഴ്സുമാരുടെ റിക്രൂട്ടിംഗ്

15 (*375) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ.. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശത്ത് ജോലി ചെയ്യാൻ ഉദ്ദേശിക്കുന്ന നഴ്സുമാരുടെ റിക്രൂട്ട്മെന്റ് സംസ്ഥാന സർക്കാരിന്റെ റിക്രൂട്ടിംഗ് ഏജൻസിവഴി മാത്രമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഏത് റിക്രൂട്ടിംഗ് ഏജൻസി വഴിയാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) എന്തെല്ലാം ഗുണങ്ങളും സൗകര്യങ്ങളുമാണ് ഇതുവഴി നഴ്സുമാർക്ക് ലഭിക്കുന്നത് ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ.ഷിബു ബേബി ജോൺ) :

(എ) 12-3-2015-ൽ കേന്ദ്ര പ്രവാസി ഭാരതീയ കാര്യമന്ത്രാലയം പുറത്തിറക്കിയ ഉത്തരവ് പ്രകാരം ഇ.സി.ആർ. രാജ്യങ്ങളിലേക്കുള്ള നഴ്സുമാരുടെ നിയമനാധികാരം കേരള സർക്കാരിന്റെ കീഴിലുള്ള നോർക്ക റൂട്ട്സ്, ഒ.ഡി.ഇ.പി.സി. ലിമിറ്റഡ്, തമിഴ്നാട് സർക്കാരിന്റെ ഒ.എം.സി.ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് മാത്രമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നഴ്സിംഗ് റിക്രൂട്ട്മെന്റ് രംഗത്ത് നടന്നു വന്നിരുന്ന ചൂഷണങ്ങൾ ഒഴിവാക്കി സർക്കാരിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ സുതാര്യമായ ഒരു നിയമനപ്രക്രിയ ഇതുമൂലം സജ്ജമാകും. സ്വകാര്യ ഏജൻസികളുടെ ചൂഷണം അവസാനിപ്പിക്കുവാനുമാണ് ഉദ്ദേശിക്കുന്നത്.

(സി) കേരള സർക്കാരിന്റെ കീഴിലുള്ള നോർക്ക റൂട്ട്സ്, ഒ.ഡി.ഇ.പി.സി. ലിമിറ്റഡ്, തമിഴ്നാട് സർക്കാരിന്റെ ഒ.എം.സി. ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെയാണ് ഈ ചുമതല ഏൽപ്പിച്ചിരിക്കുന്നത്.

(ഡി) സ്വകാര്യ ഏജൻസികളുടെ ചൂഷണത്തിൽനിന്നുള്ള രക്ഷ, സുരക്ഷിതമായ ജോലി, വാഗ്ദാനം ലഭിച്ച ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഉറപ്പു വരുത്തുക, വിദേശത്ത് തൊഴിൽ ദാതാക്കളിൽനിന്നും ഉണ്ടാകാനിടയുള്ള പീഡനങ്ങളിൽ നിന്നുള്ള സുരക്ഷ, കുറഞ്ഞ സർവ്വീസ് ചാർജ് തുടങ്ങിയവയാണ് ഇതുവഴി നഴ്സുമാർക്ക് ലഭിക്കാവുന്ന ഗുണങ്ങൾ.

അലോപ്പതി മരുന്നുകളുടെ ഗുണനിലവാര പരിശോധന

16 (*376) ശ്രീ. സാജു പോൾ :
ശ്രീ. എം. എ. ബേബി :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അലോപ്പതി മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്ക് എവിടെയൊക്കെ സൗകര്യമുണ്ടെന്നും അത് പര്യാപ്തമാണോയെന്നും അറിയിക്കാമോ ;

(ബി) മെഡിക്കൽ സ്റ്റോറുകളിലൂടെ പരിശോധന കൂടാതെ മരുന്നുകൾ വിറ്റഴിക്കാൻ അനുവദിച്ചശേഷം അവയുടെ സാമ്പിൾ പരിശോധിച്ച് പ്രതികൂലമായിട്ടുള്ള പരിശോധനാഫലം പത്രദ്വാരാ അറിയിക്കുന്നതുമൂലം ആ പ്രത്യേക ബാച്ചിലെ എത്ര ശതമാനം മരുന്നുകൾ തിരികെ എത്തുന്നുവെന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിവരം ലഭ്യമാക്കാമോ ;

(സി) ഇപ്പോഴത്തെ സംവിധാനത്തിനു പകരം സംസ്ഥാനത്ത് വിൽക്കാൻ ഉദ്ദേശിക്കുന്ന ഓരോ ബാച്ച് മരുന്നും എൻ.എ.ബി.എൽ. അക്രഡിറ്റേഷനുള്ള ലബോറട്ടറി കളിൽ പരിശോധിച്ച് സാക്ഷ്യപത്രം ഹാജരാക്കിയാൽ മാത്രം മൊത്തവിതരണ വ്യാപാരികൾവഴി വിതരണം ചെയ്യാൻ അനുമതി നൽകുന്ന രീതി ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly